വിജയശ്രീ

# കുടുംബശ്രീക്ക് അഭിമാനമായി സംസ്ഥാന ബജറ്റ്

2019-20 വർഷത്തിലേക്കുള്ള സംസ്ഥാന ബജറ്റിൽ കുടുംബശ്രീക്ക് 1000 കോടിയുടെ പദ്ധതികൾ ധനമന്ത്രി ഡോ.ടി.എം തോമസ് ഐസക് പ്രഖ്യാപിച്ചു. ബജറ്റ് വിഹിതമായി 258.25 കോടിയും തദ്ദേശ സ്ഥാപനങ്ങളുടെ സംയോജന പദ്ധതികളിലൂടെ 400 കോടി രൂപയും ലഭിക്കും. കുടുംബശ്രീ വഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുകയും കൂടി ഉൾപ്പെടുത്തിയാണ് ആകെ 1000 കോടി രൂപ.

12 കുടുംബശ്രീ ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കും. സപ്ലൈകോ, കൺസ്യൂമർഫെഡ്, സൂപ്പർമാർക്കറ്റുകൾ, സ്വകാര്യ കടകൾ, കുടുംബശ്രീ ഹോം ഷോപ്പുകൾ എന്നിവയിലൂടെ ഉൽപന്നങ്ങൾ വിൽക്കും. 200 ബ്രാൻഡഡ് ചെറു വിപണന കേന്ദ്രങ്ങളും ആരംഭിക്കും. സേവന മേഖലയിൽ 2000 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ, 100 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ, എല്ലാ സിഡിഎസുകളിലും വനിതാ നിർമാണ സംഘങ്ങളും ഇവന്റ് മാനേജ്മെന്റ് സംഘവും ഇലക്ട്രിക്കൽ, പ്ലംബിങ്, ഇലക്ട്രോണിക്സ് റിപ്പയർ തുടങ്ങിയ ജോലികൾ ഏറ്റെടുക്കുന്നതിനായി മൾട്ടിടാസ്ക് യൂട്ടിലിറ്റി ടീമുകളും കുടുംബശ്രീയുടേതായി പ്രഖ്യാപിച്ചു.

നാട്ടുചന്തകൾ സ്ഥിരം വിപണനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനൊപ്പം കൂളർ ചേംബർ സൗകര്യവും ഏർപ്പെടുത്തി നൽകും. ഇതു കൂടാതെ നാലു ശതമാനം പലിശ നിരക്കിൽ 65,000 അയൽക്കൂട്ടങ്ങൾക്ക് 3500 കോടി രൂപ വായ്പയായി നൽകും. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 100 ബഡ്സ് സ്കൂളുകൾ കൂടി പുതുതായി ആരംഭിക്കും. വയോജനങ്ങൾക്കായുള്ള പകൽവീടുകളുടെ മേൽനോട്ട ചുമതലയും വയോജന തൊഴിൽ ഗ്രൂപ്പുകളുടെ രൂപീകരണ ചുമതലയും കുടുംബശ്രീക്കു നൽകിയിട്ടുണ്ട്.



**എസ്.ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ




# വേറിട്ട സംരംഭത്തിലൂടെ വെന്നിക്കൊടി പാറിച്ച്

രാജ്യാന്തര ഭീമന്മാരായ കമ്പനികൾ വിരാജിക്കുന്ന മേഖലയിലേക്ക് ഒരു കൊച്ചു സംരംഭത്തിലൂടെ കടന്നു വന്ന് അതിൽ വിജയം കൈവരിച്ച കഥയാണ് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മണ്ണാത്തിക്കുന്നേൽ വീട്ടിൽ ലിസി മാർട്ടിൻ എന്ന കുടുംബശ്രീ വനിതയുടേത്. സൂക്ഷ്മ സംരംഭ മേഖലയിൽ അധികമാരും കടന്ന് ചെല്ലാത്ത സാനിട്ടറി നാപ്കിൻ ഉൽപാദനത്തിൽ ലിസി നേതൃത്വം നൽകുന്ന കംഫർട് ഹൈജീൻ ആൻഡ് സാനിട്ടറി നാപ്കിൻ യൂണിറ്റ് വേറിട്ട വിജയഗാഥ രചിക്കുകയാണ്. ഫിയോണ എന്ന ബ്രാൻഡിൽ ലിസിയും സംഘവും പുറത്തിറക്കുന്ന സാനിട്ടറി നാപ്കിന് ഇന്ന് ആവശ്യക്കാരേറെ. മാസം മൂന്നു ലക്ഷം രൂപയുടെ വിറ്റുവരവാണ് ഈ യൂണിറ്റിന് ഇപ്പോഴുള്ളത്.



നഴ്സിങ് പഠിച്ച് വിവിധ ആശുപത്രികളിൽ ജോലി നോക്കിയിരുന്ന ലിസി ഏറ്റുമാനൂർ സ്വദേശിയായ മാർട്ടിനുമായുള്ള വിവാഹ ശേഷം വീട്ടുകാര്യങ്ങളുമായി ഒതുങ്ങിക്കൂടുകയായിരുന്നു. എന്നാൽ 2002ൽ നേതാജി അയൽക്കൂട്ട അംഗമായതോടെ എന്തെങ്കിലുമൊരു സൂക്ഷ്മ സംരംഭം ആരംഭിക്കണമെന്ന ചിന്ത കലശലായി. കുടുംബശ്രീ നൽകിയ പരിശീലനവും കൂടിയായപ്പോൾ നഴ്സിങ് പ്രഫഷനിൽ നിന്ന് കിട്ടിയ സാനിട്ടറി നാപ്കിൻ ഉത്പാദനം എന്ന ആശയം പ്രാവർത്തികമാക്കണമെന്ന് ഉറച്ചു. ഒൻപതുപേരെ കൂടി ചേർത്ത് 2004 ൽ യൂണിറ്റും രൂപീകരിച്ചു. തുടക്കകാലം അത്ര മികച്ചതായിരുന്നില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, യന്ത്ര സംവിധാനങ്ങളുടെ അഭാവം എന്നിവയെല്ലാം യൂണിറ്റിനെ പിന്നോട്ടടിച്ചു. ക്രമേണ ലിസി ഒഴികെ ശേഷിച്ചവരെല്ലാം ആ സംരംഭത്തെ ഉപേക്ഷിച്ചു. എന്നാൽ ഇക്കാലയളവിൽ ഏതുവിധേനയും വിജയം കൈവരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ പൊരുതുകയായിരുന്നു ലിസി.




ഒടുവിൽ 2014 ൽ കുടുംബശ്രീ ജില്ലാ മിഷന്റെ സഹായത്തോടെ നാലു പുതിയ അംഗങ്ങളെ കൂടി കണ്ടെത്തി കംഫർട്ടിന് പുതുജീവൻ നൽകി. അഞ്ചു ലക്ഷത്തോളം രൂപ കുടുംബശ്രീ ധനസഹായവുമായി നൽകി. ഒരേ മനസ്സോടെ പ്രവർത്തിക്കാൻ തയാറായെത്തിയ മഞ്ജു പ്രദീപ്, മിനി അനിൽ, ജയശ്രീ, ഷീന ബിനീഷ് എന്നിവർ കൂടി ചേർന്നതോടെ ആവേശം ഇരട്ടിച്ചു. അങ്ങനെ 'ഫിയോണ' ബ്രാൻഡിൽ മികച്ച ഗുണനിലവാരത്തോടെയുള്ള സാനിട്ടറി നാപ്കിനുകൾ സ്ഥിരമായി പുറത്തിറങ്ങാൻ തുടങ്ങി. സംസ്ഥാനമൊട്ടാകെ തൽപരരായ കുടുംബശ്രീ വനിതകൾക്ക് സാനിട്ടറി നാപ്കിൻ ഉൽപാദനത്തിനു പരിശീലനം നൽകാനും ലിസി ആരംഭിച്ചു. അങ്ങനെ കുടുംബശ്രീയ്ക്കു കീഴിൽ എട്ടു യൂണിറ്റുകൾ കൂടി പിറവി കൊണ്ടു. ഈ യൂണിറ്റുകളുടെയെല്ലാം മദർ യൂണിറ്റായി കംഫർട്ടും.

കുടുംബശ്രീയുടെ സാനിട്ടറി നാപ്കിനുകൾ ടെൻഡറില്ലാതെ സ്കൂളുകളിലും കോളജുകളിലും സപ്ലൈ ചെയ്യുന്നതിനുള്ള ഉത്തരവും ലഭിച്ചു. കൂടാതെ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡും നാപ്കിൻ യൂണിറ്റുകളുമായി കരാറിലെത്തി. ഗവൺമെന്റ് ആശുപത്രികളിലും പ്രീ മെട്രിക് ഹോസ്റ്റലുകളിലും ആശ വർക്കർമാർ വഴിയും വിതരണം ചെയ്യുന്ന സാനിട്ടറി നാപ്കിനുകൾ കംഫർട്ട് ഉൾപ്പെടെയുള്ള കുടുംബശ്രീ യൂണിറ്റുകളുടേതാണ്. നിരന്തരം നേരിട്ട തിരിച്ചടികൾ വകവയ്ക്കാതെ തന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി അക്ഷീണ പരിശ്രമം നടത്തിയ ലിസി മാർട്ടിനെന്ന വനിതയുടെ വിജയമാണിത്. ■

## കുടുംബശ്രീ ഇൻഫോ

### വയോജന പരിചരണത്തിനു കുടുംബശ്രീ

ആശുപത്രികളിലും വീടുകളിലും പകൽവീടുകളിലും കെയർ ഹോമുകളിലും വയോജന പരിചരണ സേവനം നൽകുന്നതിനായി കുടുംബശ്രീയുടെ ഹർഷം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ തയാർ. http://harsham.kudumbashree.org/ എന്ന വെബ്സൈറ്റ് വഴിയും കോൾ സെന്റർ (9188112218) വഴിയും സേവനം ബുക്ക് ചെയ്യാം.



# ചക്ക പക്കോട

**സിജി ഷാജി** (മലപ്പുറം അൽനാസ് ചക്ക ഷോപ്പ് ഉടമ)

**ആവശ്യമുള്ള സാധനങ്ങൾ**

1. ഇടിച്ചക്ക (മൂന്ന് മാസം പ്രായമായ ചക്ക), നന്നായി കൊത്തിയരിഞ്ഞത് - ഒരുകിലോഗ്രാം, 2. ഇഞ്ചി - 150 ഗ്രാം, 3. പച്ചമുളക് - 100 ഗ്രാം, 4. മല്ലിഇല - 50 ഗ്രാം, 5. പുതിന - 50 ഗ്രാം, 6. കാശ്മീരി മുളകുപൊടി - രണ്ടു ടീ സ്പൂൺ, 7. ചിക്കൻ മസാല - രണ്ടു ടീ സ്പൂൺ, 8. കറിവേപ്പില - ആവശ്യത്തിന്, 9. ഉപ്പ്- ആവശ്യത്തിന്, 10. കടലമാവ് - അര കിലോഗ്രാം, 11. എണ്ണ - ആവശ്യത്തിന്.

**പാകം ചെയ്യുന്ന രീതി**

1) അരിഞ്ഞുവച്ച ചക്കയിലേക്കു ശേഷിച്ച സാധനങ്ങളെല്ലാം ഇട്ട് നന്നായി കുഴച്ചു യോജിപ്പിക്കുക. ഇത് ചെറിയ ഉരുളകളാക്കുക.2) ചുവടുകട്ടിയുള്ള പാത്രത്തിൽ എണ്ണ എടുത്തു തിളപ്പിക്കുക. അതിലേക്ക് ഉരുളകൾ ഇട്ട് സ്വർണനിറമാകുമ്പോൾ വറുത്തു കോരുക.